സെറിഫെഡിൽ നിന്നും പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ അധിക ഇളവുകൾ

38 (1436) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെറിഫെഡിൽ നിന്നും പുനർവിന്യസിക്കപ്പെട്ട ജീവനക്കാർക്ക് അധിക ഇളവുകൾ നൽകി പുറപ്പെടുവിച്ച 18-1-2013 തീയതിയിലെ ജി. ഒ. (എം. എസ്.) 25/2013/ എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവ് എത്ര ജില്ലകളിലാണ് ഇളവുകൾ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ സ്പഷ്ടീകരണവുമായി പുറത്തിറക്കിയ 13-6-2014-ലെ ജി.ഒ. (എംഎസ്.) 108/14/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് 6 മാസമായിട്ടും നടപ്പിൽ വരുത്താത്ത ജില്ലകളുടെ പേരുകൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവുകൾ എല്ലാ ജില്ലയിലും നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 ജില്ലകളിൽ നടപ്പിലാക്കി.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.

(സി) നടപടി സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

ഹിൽ ഏരിയ ഡെവലപ്മെന്റ്

39 (1437) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഈ വികസന പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ നടത്തിയ മണ്ഡലം ഏതാണെന്നും മണ്ഡലം തിരിച്ചും പഞ്ചായത്ത് തിരിച്ചും വ്യക്തമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിൽ 'ഹാഡ്' പദ്ധതി പ്രകാരം 30 കോടി രൂപയുടെയും കാസർഗോഡ് ജില്ലയിൽ 98 ലക്ഷം രൂപയുടെയും വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തിയ നിയോജക മണ്ഡലം ഇരിക്കൂറും പഞ്ചായത്ത് നടുവിൽ ഗ്രാമ പഞ്ചായത്തുമാണ്. കാസർഗോഡ് ജില്ലയിൽ ഏറ്റവും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തിയ നിയോജക മണ്ഡലം കാഞ്ഞങ്ങാടും പഞ്ചായത്ത് ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തുമാണ്.

LIBRARY ARCHIVES Kerala Legislative Assembly